**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792** **31-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽ ആകെയുണ്ടായ റോഡപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽ 3506 വാഹനാപകടങ്ങൾ നടന്നിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ട സംഭവങ്ങൾ ഉണ്ടെങ്കിൽ എത്രയെന്നും പരിക്ക് പറ്റിയ സംഭവങ്ങൾ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റോഡ് അപകടങ്ങളിൽ 469 അപകടങ്ങളിൽ 505 പേർ മരണപ്പെട്ടിട്ടുള്ളതും 2909 അപകടങ്ങളിലായി 3954 പേർക്ക് പരിക്ക് പറ്റിയിട്ടുള്ളതുമാണ്. |
| (സി) | ഏത് തരം വാഹനങ്ങളാണ് ഏറ്റവും കൂടുതൽ അപകടത്തിന് ഇരയാകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഇരുചക്ര വാഹനങ്ങളാണ് കൂടുതലായും അപകടത്തിൽപ്പെട്ടിട്ടുള്ളത്. |
| (ഡി) | ജില്ലയിൽ റോഡപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സിഗ്നൽ സംവിധാനം ഏർപ്പെടുത്തിയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ഹമ്പുകൾ സ്ഥാപിച്ചും വാഹനങ്ങളുടെ വേഗത കുറക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുള്ളതാണ്. കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനായി സീബ്രാ ലൈൻ സ്ഥാപിച്ചും അപകടങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വേഗത കുറക്കുന്നതിന് സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുകയും സ്ഥിരമായി വാഹന പരിശോധന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>1. 2019-2021 കാലഘട്ടത്തിൽ ജില്ലയിൽ നടന്ന റോഡ് അപകടങ്ങൾ വിശകലനം ചെയ്ത് അപകട മേഖലകൾ കണ്ടെത്തുകയും, അപകടമേഖലകൾ മാപ്പിൽ രേഖപ്പെടുത്തുകയും ടി മാപ്പ് പൊതുജനങ്ങളുടെയും മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും അറിവിലേക്കായി റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ സോഷ്യൽ മീഡിയ പേജ് വഴി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2. അപകട മേഖലകളിൽ റോഡ് ഓഡിറ്റ് നടത്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.<br>3. അപകട മേഖലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്.<br>4. ജില്ലയിൽ നടക്കുന്ന പ്രധാന അപകടങ്ങളെക്കുറിച്ച് പഠിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.<br>5. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്.<br>6. റോഡ് സുരക്ഷയ്ക്ക് വിഘാതം ഉണ്ടാക്കുന്ന രീതിയിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഡ്രൈവർമാരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>7. പാലക്കാട് കോഴിക്കോട് ദേശീയപാത 966-ൽ നിരന്തരം അപകടങ്ങൾ ആവർത്തിച്ചിരുന്ന പനയംപാടം എന്ന സ്ഥലത്ത് പാലക്കാട് ഐ.എ.ടി.യുടെ നേതൃത്വത്തിൽ വിദഗ്ദ പഠനം നടത്തിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കിക്കുകയും ചെയ്തിട്ടുണ്ട്.<br>8. റോഡ് അപകടങ്ങളിൽപെടുന്നവർക്ക് അടിയന്തിരമായി സഹായം എത്തിക്കുന്നതിനുവേണ്ടി പാലക്കാട് - കുളപ്പുള്ളി റോഡ് കേന്ദ്രീകരിച്ച് QRT എന്ന സന്നദ്ധ സംഘടന മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ